# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.09.2025**

### പ്രധാനവാർത്തകൾ

1. ഗ്രാമീണ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ ജിഎസ്ടി പരിഷ്കാരങ്ങൾ സഹായകരമാകുമെന്ന് കേന്ദ്രസർക്കാർ.

2. ഇന്ന് ശ്രീ നാരായണഗുരു ജയന്തി. ഗുരു ദർശനങ്ങൾ എല്ലാ കാലഘട്ടത്തിലും വിലമതിക്കുന്നതാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

3. ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങൾ പിന്തുടരുന്നതിലൂടെ വർഗ്ഗീയതയും വിഭജന രാഷ്ട്രീയവും ഉൾപ്പെടെയുള്ള വെല്ലുവിളികൾ മറികടക്കാനാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. ഓണാവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. പാദവാർഷിക പരീക്ഷയിൽ, 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്കുള്ള, പഠന പിന്തുണ സംബന്ധിച്ച മാർഗ നിർദേശങ്ങൾ പുറത്തിറക്കി പൊതുവിദ്യാഭ്യാസവകുപ്പ്.

5. ഏഷ്യ കപ്പ് പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും.

&&&&&&&&&&&&&&&&&

PNU TVPM

ഉപരാഷ്ട്രപതി - തെരഞ്ഞെടുപ്പ്

17 മത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് മറ്റന്നാൾ. അന്നു വൈകിട്ടുതന്നെ വോട്ടെണ്ണലും നടക്കും. ശ്രീ സി.പി.രാധാകൃഷ്ണനും ശ്രീ ബി.സുദർശൻ റെഡ്ഢിയുമാണ് സ്ഥാനാർത്ഥികൾ.

&&&&&&&&&&&&&&&&&&

ജി.എസ്.ടി- കേന്ദ്രസർക്കാർ

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ സഹകരണ മേഖലയെ ശക്തിപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാർ. സഹകരണ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കാനും ഗ്രാമീണ സംരംഭകത്വം വളർത്താനും ജിഎസ്ടി പരിഷ്കാരങ്ങൾ സഹായകരമാകുമെന്ന് കേന്ദ്രസഹകരണ മന്ത്രാലയം അറിയിച്ചു. ജിഎസ്ടി നിരക്കിലെ മാറ്റങ്ങൾ രാജ്യത്തെ 10 കോടിയിലധികം ക്ഷീരകർഷകർക്ക് ഗുണം ചെയ്യുമെന്നും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

PNJ TVPM

ശ്രീനാരായണഗുരു ജയന്തി

ഇന്ന് ശ്രീ നാരായണഗുരു ജയന്തി. ഗുരുവിന്റെ 171–ാം ജയന്തിയോട് അനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിപുലമായ പരിപാടികളാണ് നടക്കുക. ചെമ്പഴന്തി ഗുരുകുലത്തിൽ വൈകുന്നേരം 6 .30 ന് നടക്കുന്ന തിരു ജയന്തി മഹാ സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. വൈകുന്നേരം മൂന്നു മണിക്ക് ചെമ്പഴന്തിയിൽ നടക്കുന്ന തിരുജയന്തി ഘോഷയാത്ര മന്ത്രി വി ശിവൻകുട്ടി ഫ്ലാഗ് ഓഫ് ചെയ്യും. സംസ്ഥാനത്തുടനീളം ഇന്ന് വർണ്ണാഭമായ ഘോഷയാത്ര നടക്കും.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി- ആശംസ

ആധുനിക കേരളത്തിന്റെ സാമൂഹ്യ മാറ്റങ്ങൾക്ക് ചാലക ശക്തിയായി മാറാൻ ശ്രീനാരായണ ഗുരുവിന്റെ ചിന്തകൾക്ക് കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. മനുഷ്യനെ മനുഷ്യനായി കാണാനും ജാതിയുടെയും മതത്തിന്റെയും വേലിക്കെട്ടുകൾക്കപ്പുറം സാഹോദര്യത്തോടെ ജീവിക്കാനും ഗുരുവിന്റെ വാക്കുകൾ പഠിപ്പിക്കുന്നു. വർഗ്ഗീയതയും വിഭജന രാഷ്ട്രീയവും ഉൾപ്പെടെയുള്ള വെല്ലുവിളികൾ മറികടന്ന് ശ്രീനാരായണ ഗുരു വിഭാവനം ചെയ്ത സമൂഹമായി മാറാൻ സാധിക്കട്ടെയെന്ന് മുഖ്യമന്ത്രി ആശംസിച്ചു.

&&&&&&&&&&&&&&&&&

## ഗവർണർ -ശ്രീ നാരായണഗുരു- ഇൻട്രോ

RNU TVPM

ശ്രീ നാരായണഗുരു ദർശനങ്ങൾ എല്ലാ കാലഘട്ടത്തിലും വിലമതിക്കുന്നതാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവന്തപുരം വർക്കല ശിവഗിരിയിൽ തിരു ജയന്തി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗുരുവിന്റെ ചിന്തകൾ ലോകത്തിനു മുഴുവനുള്ള നിധിയാണെന്നും ഗവർണർ വ്യക്തമാക്കി.

(വോയിസ്....)

ചടങ്ങിൽ മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ, വി ജോയ് എം എൽ എ എന്നിവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## കന്നേറ്റി വള്ളംകളി

എൺപത്തഞ്ചാമത് ശ്രീനാരായണ ട്രോഫി കന്നേറ്റി വള്ളംകളി ഇന്ന്. കരുനാഗപ്പള്ളി കന്നേറ്റി കായലിൽ നടക്കുന്ന മത്സരം ഉച്ചയ്ക്ക്

2 ന് മന്ത്രി കെ.എൻ. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. ചുണ്ടൻ, വെപ്പ്, തെക്കനോടി വിഭാഗങ്ങളിലാണ് മത്സരങ്ങൾ.

&&&&&&&&&&&&&&&&&

പായിപ്പാട്- ഇൻട്രോ

പ്രസിദ്ധമായ ആലപ്പുഴ പായിപ്പാട് ജലോത്സവം ഇന്ന്. ഉച്ചയ്ക്ക് നടക്കുന്ന പൊതുസമ്മേളനം കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രധിനിധി ആർ രവികുമാർ...**

(വോയിസ്)

RNU TVPM

&&&&&&&&&&&&&&&&&

ഓണം വാരാഘോഷം

സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷത്തിനു സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര മറ്റന്നാൾ. വൈകിട്ട് 4 മണിക്ക് മാനവീയം വീഥിയിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. വെള്ളയമ്പലത്തു നിന്നും ആരംഭിച്ച് കിഴക്കേകോട്ടയിൽ ഘോഷയാത്ര അവസാനിക്കും. വിവിധ വകുപ്പുകൾ തയാറാക്കുന്ന അറുപതോളം ഫ്ളോട്ടുകളും ആയിരത്തിൽപ്പരം കലാകാലരന്മാരും ഘോഷയാത്രയിൽ അണിനിരക്കും.

&&&&&&&&&&&&&&&&&

സ്കൂൾ തുറക്കും

ഓണാവധിക്ക് ശേഷം സംസ്ഥാനത്തെ സ്കൂളുകൾ നാളെ തുറക്കും. പാദവാർഷിക പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചശേഷം 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പഠന പിന്തുണ നൽകാൻ

പൊതുവിദ്യാഭ്യാസവകുപ്പ് തീരുമാനിച്ചു. ജില്ലാസമിതികളായിരിക്കും പ്രവര്‍ത്തനങ്ങള്‍ക്ക് നേതൃത്വം നല്‍കുക. ഇതു സംബന്ധിച്ച മാര്‍ഗ നിര്‍ദേശങ്ങള്‍ ഉള്‍പ്പെടുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടര്‍ സര്‍ക്കുലര്‍ പുറപ്പെടുവിച്ചു. സ്കൂള്‍തല വിശകലന യോഗം ചേരാനും നിര്‍ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

ശബരിമല

ഓണപൂജകള്‍ പൂര്‍ത്തിയാക്കി ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കും. പൂര്‍ണ്ണ ചന്ദ്രഗ്രഹണം ആരംഭിക്കുന്നതിനാല്‍ പതിവിനു വിപരീതമായി നട രാത്രി 8.30 നാണ് അടയ്ക്കുക. വൈകുന്നേരം നാലിനു നട തുറന്ന ശേഷം ആറിനു പടിപൂജ, 6.30 നു ദീപാരാധന, 7.30നു അത്താഴ പൂജ എന്നിവ നടക്കും.

&&&&&&&&&&&&&&&&&

RNU TVPM

ചന്ദ്രഗ്രഹണം

സമ്പൂര്‍ണ ചന്ദ്രഗ്രഹണം ഇന്ന് രാത്രി നേരിട്ട് കാണാം. ഗ്രഹണം അഞ്ച് മണിക്കൂര്‍ നീണ്ടു നില്‍ക്കും. ഈ സമയം ചുവപ്പ് നിറത്തിലാകും ചന്ദ്രനെ കാണാനാവുക. ദശാബ്ദത്തിലെ ഏറ്റവും ദൈര്‍ഘ്യമേറിയതും ദൃശ്യവുമായ ചന്ദ്രഗ്രഹണങ്ങളില്‍ ഒന്നാണ് ഇന്നത്തേത്. ഡല്‍ഹി, മുംബൈ, കൊല്‍ക്കത്ത, ബെംഗളൂരു തുടങ്ങിയ ഇന്ത്യന്‍ നഗരങ്ങളില്‍ ഗ്രഹണം ദൃശ്യമാകും. ഇന്ത്യന്‍ സമയം 8:58 മുതല്‍ പുലര്‍ച്ചെ 2:25 വരെയാണ് ഗ്രഹണം. ഭൂമി, ചന്ദ്രനും സൂര്യനും ഇടയിലെത്തി ചന്ദ്രനില്‍ ഭൂമിയുടെ നിഴല്‍ പതിക്കുമ്പോഴാണ് ചന്ദ്രഗ്രഹണം സംഭവിക്കുന്നത്.

&&&&&&&&&&&&&&&&&

പുലികളി- ഇന്‍ട്രോ

ഓണാഘോഷങ്ങൾക്ക് മാറ്റ്കൂട്ടാൻ നാളെ തൃശ്ശൂരിൽ പുലികളി നടക്കും. ഇത്തവണ ഒൻപത് പുലികളി സംഘങ്ങളാണ് ഇറങ്ങുന്നത്. പുലിമടകളിൽ അവസാനഘട്ട ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.

**ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതപ്രതാപ് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

**&&&&&&&&&&&&&&&&&**

**അമീബിക് മസ്തിഷ്കജ്വരം**

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരത്തിനെതിരെ ശക്തമായ ജാഗ്രത തുടർന്ന് ആരോഗ്യ വകുപ്പ്. ഇന്നലെ അമീബിക് മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ മലപ്പുറം തിരുവാലി സ്വദേശിനിയായ സ്ത്രീയെ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. നിലവിൽ 11 പേരാണ് കോഴിക്കോട് ചികിത്സയിൽ കഴിയുന്നത്.

RNU TVPM

**&&&&&&&&&&&&&&&&&**

**കണ്ണൂർ- പഴശ്ശിഡാം**

കണ്ണൂർ എളന്നൂരിൽ പഴശ്ശി പുഴയിൽ കാണാതായ കുട്ടിക്കായുള്ള തിരച്ചിൽ തുടരുന്നു. തിരച്ചിലിന്റെ ഭാഗമായി പഴശ്ശി ഡാമിന്റെ ഷട്ടറുകൾ പൂർണമായും അടച്ചതായി ഇറിഗേഷൻ വിഭാഗം അറിയിച്ചു. ഡാമിന്റെ റിസർവോയർ പ്രദേശത്തുള്ള ആളുകൾ ജാഗ്രത പാലിക്കേണ്ടതാണ്. കോഴിക്കോട് കുറ്റ്യാടി സ്വദേശി ഇർഫാന ആണ് ഇന്നലെ വൈകിട്ട് ഒഴുക്കിൽപ്പെട്ടത്.

**&&&&&&&&&&&&&&&&&**

**സംസ്ഥാനം മഴ**

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചൊവ്വാഴ്ച മുതൽ മഴ ശക്തമാകുമെന്നാണ് മുന്നറിയിപ്പ്.

**&&&&&&&&&&&&&&&&&**

**ഏഷ്യകപ്പ് ഹോക്കി**

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ഫൈനലിൽ ഇന്ത്യ ഇന്ന് ദക്ഷിണ കൊറിയയെ നേരിടും. വൈകുന്നേരം 7.30 നാണു മത്സരം. ചാമ്പ്യൻഷിപ്പിലെ അവസാന സൂപ്പർ ഫോർ മത്സരത്തിൽ ചൈനയെ 7 -0 ത്തിനു തകർത്താണ് ഇന്ത്യ ഫൈനലിൽ എത്തിയത്.

**&&&&&&&&&&&&&&&&&**

**കെ.സി.എൽ- ഫൈനൽ**

കേരള ക്രിക്കറ്റ് ലീഗ് കലാശപ്പോര് ഇന്ന്. രണ്ടാം പതിപ്പിന്റെ ഫൈനലിൽ കൊച്ചി ബ്ലൂ ടൈഗേഴ്സും, ഏരീസ് കൊല്ലം സെയിലേഴ്സുമാണ് ഏറ്റുമുട്ടുന്നത്. തിരുവനന്തപുരം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ വൈകിട്ട് 6.45 നാണ് മത്സരം.

RJU TVPM

**&&&&&&&&&&&&&&&&&**

**യു.എസ് ഓപ്പൺ**

യുഎസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ ഇന്ന് ഇറ്റലിയുടെ യാനിക് സിന്നർ സ്പെയിനിന്റെ കാർലോസ് അൽകാരസിനെ നേരിടും. വനിതാ സിംഗിൾസിൽ ലോക ഒന്നാം നമ്പർ താരം ആര്യാന സബലങ്ക കിരീടം നിലനിർത്തി. യു.എസിന്റെ അമാൻഡ അനിസിമോവയെ നേരിട്ടുള്ള

സെറ്റുകൾക്ക് തോൽപ്പിച്ചാണ് ബെലറൂസിന്റെ സബലെങ്ക യുഎസ് ഓപ്പൺ കിരീടം നേടിയത്.

&&&&&&&&&&&&&&&&&

ടാക്സ് റിട്ടേൺ

2024–25 സാമ്പത്തിക വർഷത്തിലെ ആദായനികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള സമയ പരിധി ഈ മാസം 15 ന് അവസാനിക്കും. അപേക്ഷ ഇനിയും സമർപ്പിക്കാത്തവർ incometax.gov.in-ൽ ഓൺലൈനായി റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്.

&&&&&&&&&&&&&&&&&

സ്വർണ്ണവില

സ്വർണ്ണവിലയിൽ മാറ്റമില്ല. ഗ്രാമിന് 9,945 രൂപയും പവന് 79,560 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

&&&&&&&&&&&&&&&&&

കുന്നംകുളം കസ്റ്റഡി മർദ്ദനം

കുന്നംകുളം പോലീസ് കസ്റ്റഡി മർദ്ദനത്തിൽ ശക്തമായ നടപടിയുണ്ടാകുമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. വളരെ മോശം പ്രവർത്തിയാണ് പോലീസിന്റെ ഭാഗത്ത് നിന്നും ഉണ്ടായിരിക്കുന്നതെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. അതേസമയം, മർദ്ദനക്കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തു.

&&&&&&&&&&&&&&&&&

കുന്നംകുളം- കെ പി സി സി

കുന്നംകുളത്തെ പോലീസ് മർദ്ദനത്തിൽ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത നടപടി തൃപ്തികരമല്ലെന്ന് കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫ്. പോലീസുകാർക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യണമെന്നും സർവീസിൽ നിന്ന് പിരിച്ചുവിടണമെന്നും ശ്രീ സണ്ണി ജോസഫ് കണ്ണൂർ ഇരിട്ടിയിൽ പറഞ്ഞു. സമാന പരാതികൾ ഉള്ള സ്റ്റേഷനുകളിലെ സിസിടിവി ദൃശ്യങ്ങൾ വിവരാവകാശ നിയമമനുസരിച്ച് ശേഖരിക്കുമെന്ന് തൃശൂർ DCC പ്രസിഡൻ്റ് ജോസഫ് ടജറ്റ് അറിയിച്ചു.

&&&&&&&&&&&&&&&&&

മലപ്പുറം- കാട്ടുപന്നിയെ വെടിവച്ചു

പന്നി ശല്യം രൂക്ഷമായതിനെ തുടർന്ന് ചുങ്കത്തറയിൽ ഒമ്പത് കാട്ടുപന്നികളെ വെടിവെച്ചു കൊന്നു. വൈൽഡ് ലൈഫ് വാർഡൻ കൂടിയായ ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റിൻ്റെ നിർദേശ പ്രകാരം നടത്തിയ രാത്രികാല നിരീക്ഷണത്തിനിടയിലാണ് എം പാനൽ ഷൂട്ടർ ഉൾപ്പെട്ട സംഘം കാട്ടുപന്നികളെ വെടി വച്ചത്.

RNU TVPM

&&&&&&&&&&&&&&&&&

&&&&&&&&&&

&&&